**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5945** **09-07-2024 - ൽ മറുപടിയ്ക്ക്**

**ലൈബ്രറി കൗൺസിൽ അംഗീകാരമുള്ള വായനശാലകൾക്ക് കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ലൈബ്രറി കൗൺസിൽ അംഗീകാരമുള്ള വായനശാലകൾക്ക് മണ്ഡലം ആസ്തിവികസന പദ്ധതി ഉപയോഗപ്പെടുത്തി കെട്ടിടം നിർമ്മിക്കാനുള്ള അനുമതി ഒഴിവാക്കാനുള്ള കാരണം വിശദമാക്കാമോ; | (എ) | **സർക്കാർ ഉടമസ്ഥതയിൽ മൂലധനസ്വഭാവമുള്ള, ദീർഘകാലം നിലനിൽക്കുന്ന ആസ്തികളുടെ നിർമ്മാണമാണ് ആസ്തി വികസന പദ്ധതി വിഭാവനം ചെയ്യുന്നത്. സംസ്ഥാന ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പല ലൈബ്രറികളുടെയും ഉടമസ്ഥാവകാശം അവ രജിസ്റ്റർ ചെയ്തിട്ടുള്ള സൊസൈറ്റികൾക്കാണ്. അത്തരം ലൈബ്രറികൾക്ക് ആസ്തി വികസന പദ്ധതിയിൽ നിന്നും ധനസഹായം അനുവദീയമല്ല.** |
| (ബി) | പ്രാദേശിക സാംസ്കാരിക കേന്ദ്രങ്ങൾ എന്ന പരിഗണനയിൽ അംഗീകാരമുള്ള ലൈബ്രറികൾക്ക് കെട്ടിടം നിർമ്മിക്കാൻ ആസ്തിവികസന പദ്ധതി ഉപയോഗപ്പെടുത്തുന്നതിന് മാനദണ്ഡങ്ങളിൽ മാറ്റം വരുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | **നിലവിൽ പരിഗണനയിലില്ല** |

സെക്ഷൻ ഓഫീസർ